പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728 — 02/12/2015 ൽ മറുപടിക്ക്

## വികലാംഗ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര വികലാംഗ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട് ; | (എ) | ആരോഗ്യവകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.<br>ജനറൽ ആശുപത്രി, ആലപ്പുഴ-2<br>താലൂക്ക് ആശുപത്രി, ഹരിപ്പാട്-1<br>ജനറൽ ആശുപത്രി, മഞ്ചേരി-1<br>താലൂക്ക് ആശുപത്രി, നാദാപുരം-2<br>ജനറൽ ആശുപത്രി, വടകര-1<br>താലൂക്ക് ആശുപത്രി, വണ്ടൂർ, മലപ്പുറം-1 |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്ത് വരുന്ന എത്ര ജീവനക്കാരാണുള്ളത് ; | (ബി) | പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്ത് വരുന്ന ആരുംതന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു). |
| (സി) | പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടോ; | (സി) | വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പ്രസ്തുത വികലാംഗ ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. കോഴിക്കോട് ജില്ലയിലെ നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രൻ, മലപ്പുറം ജില്ലയിലെ ജനറൽ ആശുപത്രിയിൽ വികസന സൊസൈറ്റിക്ക് കീഴിൽ |

| | | | |
|---|---|---|---|
| | | | ജോലി ചെയ്തുവരുന്ന ശ്രീ. അനീസ് കെ.എസ്. എന്നിവർ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ഇ) | അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ.എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**